File No.LSGD-DA2/563/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തഴവ ഗ്രാമപഞ്ചായത്ത് - 2010-11, 2011-12, കാലയളവിൽ പ്രിന്റിങ് ജോലികൾ ചെയ്ത വകയിലെ കുടിശ്ശിക തുക അനുവദിക്കുന്നത്- അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1974/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/10/2020

പരാമർശം:- 1 തഴവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2017-ലെ അപേക്ഷ .

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 23.09.2020 -ലെ 4.45 നമ്പർ തീരുമാനം

**ഉത്തരവ്**

തഴവ ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 വർഷങ്ങളിലായി വിവിധ പ്രിന്റിംഗ് ജോലികൾ ചെയ്ത വകയിൽ 1,08,924/- രൂപ (വിവിധ ബില്ലുകളിലായി) തഴവ വീണാ ഓഫ് സെറ്റ് ഉടമയായ ശ്രീ.എൻ. പുഷ്പരാജന് നൽകാനുണ്ട്. ഈ തുക നൽകാനുള്ള അനുമതിക്കായി തഴവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2020 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തഴവ ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 വർഷങ്ങളിലായി വിവിധ പ്രിന്റിംഗ് ജോലികൾ ചെയ്ത വകയിൽ 1,08,924/- രൂപ(ഒരു ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തിനാല് രൂപ) (വിവിധ ബില്ലുകളിലായി) തഴവ വീണാ ഓഫ് സെറ്റ് ഉടമയായ ശ്രീ.എൻ. പുഷ്പരാജന് നൽകാൻ തഴവ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ഭാവിയിൽ ഇത്തരം കാലതാമസമൊഴിവാക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തഴവ ഗ്രാമപഞ്ചായത്ത്, കൊല്ലം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signature Valid
Digitally signed by SURESH KUMAR K
Date: 2020.10.21 15:56:08 IST
Reason: Approved
**സെക്ഷൻ ഓഫീസർ**